നം. CEE/4830/ 2015/MDS-2016/TA4

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## പത്രക്കുറിപ്പ്

## പി.ജി ഡെന്റൽ (എം.ഡി.എസ്) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2016 - അഡ്മിറ്റ് കാർഡ് ലഭിക്കുന്നത് സംബന്ധിച്ച്

**2016 ഫെബ്രുവരി 07, ഞായറാഴ്ച** തിരുവനന്തപുരത്ത് വച്ച് നടത്തുന്ന 2016–17 ലെ എം.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ **20.01.2016** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വെബ്സൈറ്റിലെ **'MDS2016-Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, ജനന തീയതിയും** കൃത്യമായി നൽകിയതിനുശേഷം **'Admit Card'** ക്ലിക്ക് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷയിലെ അപാകത മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡ് തടഞ്ഞുവച്ചിട്ടുണ്ട്. അവർ അഡ്മിറ്റ് കാർഡിനായുള്ള ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള ചില ഫോർമാറ്റുകളും വെബ്സൈറ്റിൽ ലഭ്യമാണ്. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ ഈ ഓഫീസിൽ **04.02.2016 വൈകുന്നേരം 5 മണിക്കു മുൻപ്** നേരിട്ടോ, സ്പീഡ് പോസ്റ്റ് / രജിസ്റ്റേർഡ് പോസ്റ്റ് മുഖേനയോ സമർപ്പിച്ച് അവരുടെ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. രേഖകൾ അയയ്ക്കുന്ന കവറിനു പുറത്ത് **'P G DENTAL ENTRANCE EXAMINATION, 2016- DOCUMENTS FOR MEMO CLEARANCE'** എന്ന് എഴുതേണ്ടതാണ്.

ആപ്ലിക്കേഷൻ നമ്പർ മറന്നുപോയ അപേക്ഷകർ **"Find Application Number"** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് പേര് നൽകിയാൽ പേര്, അഡ്രസ്സ്, ആപ്ലിക്കേഷൻ നമ്പർ എന്നിവ കാണാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

20.01.2016